# വ്യാവസായിക പരിശീലന വകുപ്പ്, കേരളം
# **സർക്കാർ വ്യാവസായിക പരിശീലന കേന്ദ്രം**
## <u>പ്രവേശന സഹായി 2021</u>

കേരളത്തിലെ 104 ഗവ: ഐ. ടി. ഐകളിൽ ഏതിലേയും പ്രവേശനത്തിന് പോർട്ടലിലൂടെ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതി.

**<u>വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് വായിച്ചശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക.</u>**

പോർട്ടൽ വിലാസം: https://www.itiadmissions.kerala.gov.in

## <u>Steps of filling the application</u>

1. Registeration
2. Fill application
    a. Personal & qualification details
    b. Communication details
    c. Other details
    d. Document upload
    e. Self-declaration
3. Photo upload
4. ITI & Trade choice
5. View application
6. Make payment
7. View & download application




ആദ്യമായി പോർട്ടൽ സന്ദർശിക്കുന്നവർക്ക് മുഖേനയും, ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക് LOGIN ബട്ടൺ വഴിയും മുന്നോട്ട് പോകാവുന്നതാണ്.




ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക്




ബട്ടൺ വഴി ലോഗിൻ പേജിലേക്കെത്താം.

ആദ്യമായി രജിസ്റ്റർ ചെയ്യുന്നവർക്ക് പേര്, മൊബൈൽ നമ്പർ, പോർട്ടലിലേക്കുള്ള പാസ്‌വേഡ് എന്നിവ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

- പത്താം തരം സർട്ടിഫിക്കറ്റിൽ ഉള്ള പ്രകാരം, ഇനിഷ്യലുകൾ സഹിതം പേര് നൽകുക.

- ഇവിടെ നൽകുന്ന **മൊബൈൽ നമ്പർ ആയിരിക്കും പോർട്ടലിലെ താങ്കളുടെ യൂസർ നെയിം.** ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു അപേക്ഷ മാത്രമെ സമർപ്പിക്കാൻ സാധിക്കുകയുള്ളു.
- ഇ-മെയിൽ വിലാസം നൽകുക.
- പാസ്‌വേഡ് ര□ ുതവണ നൽകുക.
- തന്നിട്ടുള്ള കാപ്ച കോഡ് നല്കുക
- Register Now ബട്ടൻ അമർത്തിയാൽ രജിസ്ട്രേഷൻ പൂർത്തിയായി.

രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് വിജയപ്രദമായി രജിസ്റ്റർ ചെയ്തു എന്ന് SMS സന്ദേശം ഉടൻ ലഭിക്കുന്നതാണ്. **മൊബൈൽ നമ്പർ പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും അപേക്ഷാ സമർപ്പണത്തിന്റെ അവസാന തീയതി വരെ തിരുത്തലുകൾ വരുത്താവുന്നതുമാണ്.** ലോഗിൻ സമ്പന്ധിച്ച് വരുന്ന പ്രശ്നങ്ങൾക്ക് ജില്ലാ കോഡിനേറ്റർമാർ മുഖേന പരിഹാരം കാണാവുന്നതാണ്. ആയതിനാൽ, <u>ഒരു കാരണവശാലും ഒന്നിലധികം തവണ ഒരാൾക്ക് രജിസ്റ്റർ ചെയ്യേ□ ിവരുന്നില്ല</u>.

തുറന്നുവരുന്ന പേജിൽ **ഫിൽ അപ്ലിക്കേഷൻ** എന്ന ബട്ടൺ അമർത്തുക.




<u>അപേക്ഷാ ഫോമിന്റെ ആദ്യ പേജ് ആയ #1 – Personal & Qualification info തുറന്നുവരും</u>



1. പത്താം തരം / തുല്യത പഠിച്ച സ്ട്രീം തിരഞ്ഞെടുക്കുക. [SSLC, THSLC or Others.] *കേരള സംസ്ഥാന സിലബസ് പ്രകാരം* പഠിച്ചവർക്ക് മാത്രം SSLC / THSLC തെരഞ്ഞെടുക്കാം. സി.ബി.എസ്.സി തുടങ്ങി മറ്റേത് സ്ട്രീം പഠിച്ചവർക്കും *Others* തിരഞ്ഞെടുക്കാം.
2. 2013ലോ അതിന് ശേഷമോ SSLC / THSLC വിജയിച്ചവർ, **വിജയിച്ച വർഷവും** അതിന് മുൻപ് വിജയിച്ചവർ *Not in list* എന്നും തിരഞ്ഞെടുക്കുക. *(2018ൽ THSLC വിജയിച്ചവർ Not in list തിരഞ്ഞെടുത്ത് THSLC 2018 എന്ന ഒപ്ഷൻ വഴി മാർക്ക് നേരിട്ട് നൽകേ� താണ്)*
3. 2013ലോ അതിന് ശേഷമോ SSLC / THSLC കേരള സിലബസിൽ പഠിച്ചവർക്ക് **റജിസ്റ്റർ നമ്പർ** നൽകി സെർച്ച് ബട്ടൺ അമർത്തിയാൽ മാർക്ക്, പേര്, ജനന തീയതി, മാതപിതാക്കളുടെ പേര്, ലിംഗം എന്നിവ സ്വയം പൂരിപ്പിക്കപ്പെടുന്നതാണ്.
4. ഇതര സിലബസ്സുകളിൽ പഠിച്ചവരും, ഇതര വർഷങ്ങളിൽ വിജയിച്ചവരും പരീക്ഷ എഴുതിയ എക്സാം സ്കീം തിരഞ്ഞെടുത്ത ശേഷം നേരിട്ട് മാർക്ക് / ഗ്രേഡ് പൂരിപ്പിക്കേ� താണ്. സർട്ടിഫിക്കറ്റിലുള്ള പ്രകാരം **പേര്, ജനന തീയതി, ലിംഗം** (ആൺ, പെൺ, ഭിന്നലിംഗം), **മാതാപിതാക്കളുടെ പേര്, രക്ഷാകർത്താവിന്റെ പേര്** എന്നിവ പൂരിപ്പിക്കുക. *(CBSE വിജയിച്ചവർ ICSC/CBSC/Open school തിരഞ്ഞെടുത്ത് നേരിട്ട് മാർക്ക് നൽകേ� താണ്)*
5. +2 / ഹയർസെക്കന്ററി / വി.എച്.എസ്.സി / ടെകനിക്കൽ ഹയർസെകന്ററി വിജയിച്ചുവോ ഇല്ലയോ എന്ന് തെരഞ്ഞെടുക്കുക. ആകെ ലഭിച്ച മാർക്കും, ആകെ പരമാവധി മാർക്കും നല്കുക. *(വി.എച്ച്.എസ്.സി, ടെക്നിക്കൽ ഹയർ സെക്കന്ററി എന്നിവക്ക് മാത്രമായി പ്രത്യേക പരിഗണനയോ മാർക്കോ നൽകുന്നില്ല)*
6. ഏതെങ്കിലും സർക്കാർ ഐ. ടി. ഐയിൽ പഠിച്ചിട്ടു� ങ്കിൽ പ്രസ്തുത ഐ.ടി.ഐയുടെ പേര് തിരഞ്ഞെടുക്കുക. *(ആദ്യമായി പ്രവേശനം നേടുന്നവർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമെ ഒരിക്കൽ പഠിച്ചവരെ പരിഗണിക്കുകയുള്ളു.)*
7. ആധാർ നമ്പർ, ബ്ലഡ് ഗ്രൂപ്പ്, എന്നിവ പൂരിപ്പിക്കുക.
8. മതം, ജാതി എന്നിവ തിരഞ്ഞെടുക്കുക. *(മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന എല്ലാ ജാതികളിൽ ഉൾപ്പെട്ടവരും ജാതി സർട്ടിഫിക്കറ്റ് പ്രത്യേകം ഹാജരാക്കേ� താണ്).* ലിസ്റ്റിൽ ലഭ്യമല്ലാത്ത ജാതികളിലുൾപ്പെടുന്നവർക്ക് Other SC, Other ST, Other OBC, Other OBH, Other OBX, General/OC എന്നിവയിൽ അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്.

## ര□ ാം പേജിൽ (#2 – Communication Info) ആശയവിനിമയത്തിനുള്ള വിവരങ്ങളാണ് നല്കേ□ ത്.

- സ്ഥിരം വിലാസവും ആശയവിനിമയത്തിനുള്ള വിലാസവും നല്കാം. ര□ ും ഒന്നുതന്നെ ആണെങ്കിൽ കമ്മ്യൂണിക്കേഷൻ അഡ്രസ്സിന് സമീപമുള്ള ചെക്ക് ബോക്സിൽ ഒരു തവണ ക്ലിക്ക് ചെയ്താൽ മതിയാകും.




- രജിസ്റ്റർ ചെയ്യുമ്പോൾ നല്കിയ മൊബൈൽ നമ്പർ ഇ–മെയിൽ വിലാസം എന്നിവയ്ക്ക് പുറമെ രക്ഷിതാവിന്റെ മൊബൈൽ നമ്പർ കൂടി നല്കാവുന്നതാണ്.

## മൂന്നാമത്തെ പേജിൽ (#3 – Other Info) പ്രത്യേക സംവരണാനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നല്കാവുന്നതാണ്.




9. ജവാനോ ജവാന്റെ ആശ്രിതനോ. (പ്രോസ്പെക്റ്റസ് പരിശോധിച്ച് ശരിയായ സെലക്ഷൻ നടത്തുക. ജില്ലാ സൈനിക ബോഡിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ മാതൃക നല്കിയിരിക്കുന്നു)
10. എൻ.സി.സി സർട്ടിഫികറ്റ്. (മാതൃക നല്കിയിരിക്കുന്നു)
11. സംസ്ഥാന യുവജനോത്സവത്തിൽ ഒന്നോ ര□ ാ സ്ഥാനങ്ങൾ. (ഗ്രേഡുകൾക്ക് പ്രത്യേകം മാർക്ക് ഇല്ല, സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള സ്ഥാനങ്ങൾക്ക് മാത്രമെ ഉള്ളു)
12. പ്രത്യേക പരിഗണന നല്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ബ്ലോക്കിൽ നിന്നുള്ളവർ. സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ കൂടി നല്കുക. (പ്രസ്തുത ബ്ലോക്ക് പരിധിയിൽ ജനിച്ചവർക്കും 5 വർഷമൊ അധികമൊ ആയി താമസിക്കുന്നവർക്കും സർട്ടിഫിക്കറ്റിന്റെ പിന്തുണയോടെ അവകാശപ്പെടാം. ബ്ലോക്കുകളുടെ പട്ടിക പ്രോസ്പെക്റ്റസിൽ പരിശോധിക്കുക)

☐ **Belongs to Reserved Block?** 12

☐ **EWS(Economically Weaker Section)?** 13

**Special Reservation Category**

| | |
|---|---|
| ☐ Differently-abled (Blind, Deaf, Locomotor Disability, Autism, Learning Disability, Mental Illness) [GO No. 725/2019/LBR dtd. 20.06.19] | 14 |
| ☐ Refugees/Descendants (Myanmar, Sreelanka, Uganda)/Children of the dead/missing in the OKHI disaster 2017 | 15 |
| ☐ Scout/Guide received President Badge | 16 |
| ☐ The inmates in the authorized orphanage | 17 |
| ☐ Passed from the Techical High School (THS) | 18 |
| ☐ Sports Quota | 19 |
| ☐ Qualified inmates of Juvanile Justice/After Care Home Under Social Justice Department | 20 |
| ☐ Anglo Indian | 21 |
| ☐ Lakshwadeep/Andamaan/Minicoi Inhabitants | 22 |
| ☐ MAHE Inhabitants | 23 |
| ☐ Linguistic Minority(Tamil/Kannada)[GO (Rt) 723/2019/LBR dtd 20.06.19] | 24 |

13. EWS: റവന്യൂ അധികാരികളിൽ നിന്നും ബന്ധപ്പെട്ട Certificate ലഭിച്ചിട്ടുള്ള മുന്നോക്കവിഭാ ഗങ്ങളിലെ (മറ്റ് സംവരണങ്ങൾക്ക് അർഹരല്ലാത്തവരിലെ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഈ സംവരണത്തിന് അർഹതയു□ ്. സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ കൂടി നൽകുക.
14. ഭിന്നശേഷിക്കാർ (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം)
15. 2017ലെ ഓഖി ദുരന്തത്തിൽ കാണാതായ / മരിച്ചവരുടെ മക്കൾ. മ്യാന്മാർ, ശ്രീലങ്ക, ഉഗാ□ എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരോ അവരുടെ പിന്മുറക്കാരൊ.
16. രാഷ്ട്രപതിയിൽ നിന്നും സ്കൗട്ട് / ഗൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചവർ (ഗവർണറിൽ നിന്നും ലഭിച്ചവരല്ല. മാതൃക നല്കിയിരിക്കുന്നു)
17. സർക്കാർ അംഗീകൃത അനാഥാലയത്തിലെ അന്തേവാസി.
18. സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ (THS) THSLC പഠിച്ചവർ.
19. സ്പോർട്സ് ക്വോട്ട: സ്പോർട്സ് കോട്ടയിലുള്ള പ്രവേശനതിന് ജില്ലാ സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെടേ□ താണ്.
20. സാമൂഹ്യനീതി വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ അന്തേവാസികൾ
21. ആംഗ്ലോ ഇന്ത്യൻ

**22.** ലക്ഷദ്വീപ്, ആൻ്റമാൻ, മിനിക്കോയി നിവാസികൾ.
**23.** മാഹി നിവാസികൾ.
**24.** ഭാഷാ ന്യൂനപക്ഷം (തമിഴ് / കന്നട)

## നാലാമത്തെ പേജിൽ (#4 – File & Document upload) അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.




- അപേക്ഷയിൽ നല്കിയിട്ടുള്ള വിവരങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളുടെ **200 കെബി**യിൽ അധികരിക്കാത്ത JPG, PNG ഫോർമാറ്റുകളിലുള്ള ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്.
- ഓരോ രേഖയ്ക്കും പ്രത്യേകം സെലെക്റ്റ് ഫയൽ ബട്ടൺ ഉ□ ായിരിക്കും. ഒരിക്കൽ നല്കിയ ഫയലുകൾ താഴെ അപ്‌ലോഡഡ് ഡോക്യുമെൻ്റ്സ് എന്ന ശീർഷകത്തിൽ കാണാം.

## അഞ്ചാം പേജിൽ (#5 – Self Declaration) സത്യപ്രസ്താവനയുടെ ടിക് ബോക്സ് തിരഞ്ഞെടുത്ത ശേഷം സമർപ്പിക്കുക ( SUBMIT ).




- രജിസ്റ്റർ നമ്പർ തെറ്റായി നല്കുന്നത് മൂലമോ മറ്റ് ഏതെങ്കിലും വിവരം തെറ്റായി പൂരിപ്പിക്കുന്നത് മൂലമോ അപേക്ഷ അസാധുവാകുന്നത് ഒഴിവാക്കാനായി, ***വ്യൂ അപ്ലിക്കേഷനിൽ*** പോയി അപേക്ഷ പൂർണ്ണമായും വായിച്ച ശേഷം മാത്രം സമർപ്പിക്കുക.

## അപ്‌ലോഡ് ഫോട്ടോ










- മുഖം വ്യക്തമായി കാണുന്ന കളർചിത്രം തിരഞ്ഞെടുക്കുക.
- ചിത്രം റീ–സൈസ് ചെയ്യുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചിത്രം അപ്‌ലോഡ് ചെയ്യാവുന്നതാണ്.




## Trade Choice മെനു




1. കേരളത്തിലെ എല്ലാ ജില്ലകളും നല്കിയിരിക്കും.
2. അപേക്ഷിക്കാൻ താത്പര്യപ്പെടുന്ന ജില്ലയിൽ ക്ലിക് ചെയ്താൽ ആ ജില്ലയിലെ എല്ലാ ഐ.ടി.ഐകളുടെയും പേര് കാണാം.
3. ഐ.ടി.ഐ. ക്ലിക് ചെയ്യുമ്പോൾ അവിടുത്തെ എല്ലാ ട്രേഡുകളും കാണാം. അവയെ അപേക്ഷകന്റെ താത്പര്യാർത്ഥം ക്രമപ്പെടുത്തുക. ട്രേഡിൽ ക്ലിക്ക് ചെയ്തു പിടിച്ച് മുകളിലേക്കും താഴേക്കും നീക്കാവുന്നതാണ്. ഒഴിവാക്കുന്നതിന് സാധിക്കില്ല.

- അപേക്ഷിച്ച സ്ഥാപനങ്ങളും ട്രേഡുകളും അപേക്ഷാ ഫോമിന്റെ പ്രിന്റ്ഔട്ടിൽ കാണാവുന്നതാണ്.

<u>അപേക്ഷാ ഫീസ് ആയ നൂറു രൂപ അടയ്ക്കുന്നതോടെ മാത്രമെ അപേക്ഷാ സമർപ്പണം പൂർത്തിയാവുന്നുള്ളൂ.</u>




- മേക്ക്–പേയ്മെന്റ് വിന്റോ സെലക്റ്റ് ചെയ്താൽ ഓൺലൈനായി അപേക്ഷാ ഫീസ് അടയ്ക്കാം.
- സംസ്ഥാന ഗവൺമെന്റിന്റെ ഇ–ട്രഷറി മുഖേനയാണ് പണമടയ്ക്കുന്നത്.
- ഏതെങ്കിലും കാരണവശാൽ പണം ഒരിക്കൽ അടയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, പിന്നീട് **24 മണിക്കൂറിന് ശേഷം** മാത്രമെ അടയ്ക്കാൻ സാധിക്കുകയുള്ളൂ. അക്കൗ□ ിൽ നിന്ന് പണം കുറയുകയും രശീതി ലഭിക്കാതെ വരുകയും ചെയ്താൽ, 24 മണിക്കൂർ സമയത്തിനകം പണം തിരികെ അക്കൗ□ ിൽ വരികയൊ രശീതി ലഭിക്കുകയോ ചെയ്യും.

| Amount |
|---|
| Rs: 100 |

# INDUSTRIAL TRAINING DEPARTMENT

## APPLICATION FOR THE ADMISSION - AUGUST 2021

| Application ID |
|---|
| 0000000202 |

**Personal Details**

| | | | |
|---|---|---|---|
| Full Name | GOPALAN N | | |
| Date of Birth | 07-04-1977 | Gender | M |
| Fathers' Name | SAJAN | | |
| Mothers' Name | GOMATHI | | |
| Guardian Name | GOMATHI | | |
| Mobile Number | 3434343434 | | |

**Permanent Address**

GOMATHI BHAVAN, PMG,
THIRUVANANTHAPURAM, KERALA - 695003

**Communication Address**

GOMATHI BHAVAN, PMG,
THIRUVANANTHAPURAM, KERALA - 695003

| | |
|---|---|
| EMail | gopalans@gmail.com |

**Reservation Category**

| Religion | Caste | Category |
|---|---|---|
| HINDU | NAIR | OC |
| Jawan Category | NA | |

**Special Reservation Category**

No Special Reservation

**Are You Belongs to EWS Category?(Details)**

No

**Qualification**

| | |
|---|---|
| 10th Pass/Fail | PASS |
| +2/VHSC/THSE/PDC Pass/Fail | PASS |
| Block Name | NA |

**Marks**

| ENG1 | ENG2 | MAT1 | MAT2 | PHY | CHE |
|---|---|---|---|---|---|
| 30/50 | 30/50 | 30/50 | 30/50 | 30/50 | 30/50 |

**Index Details**

| NCC | SYF | BLOCK | 10TH | +2 | MATRIC INDEX MARK | NONMATRIC INDEX MARK |
|---|---|---|---|---|---|---|
| 0 | 0 | 0 | 20 | 20 | **200** | **200** |

**Applied ITI's**

| # | District | ITI | Trade Choice | |
|---|---|---|---|---|
| 1 | Alappuzha | Govt. ITI Chengannur | NCVT-Matric | DCIVIL \| EL \| EMECH \| MAM \| CHNM \| FR \| HOC \| MAEE \| MCEA \| MCST \| MD \| MMV \| MRAC \| MT \| SURVR \| TDM-PTJF \| TURNER \| TCHPE |
| | | | NCVT-Non Matric | CRPTR \| SMW \| PLMBR \| WELDER \| WM |
| 2 | Ernakulam | Govt. ITI Arakkuzha | NCVT-Non Matric | PLMBR |
| | | | NCVT-Matric | DCIVIL |
| 3 | Kozhikode | Govt. ITI Kozhikode | | |
| 4 | Kozhikode | Govt. ITI Narippatta | NCVT-Matric | MRAC \| FR |

**Declaration**

I hereby declare that all the particulars furnished in this application are true, correct and complete to the best of my knowledge and belief. In the event of any information being found false or incorrect or ineligibility being detected , my candidature will be cancelled , without assigning any reasons thereof.

Date: 25-08-2021

Place: PMG

Gopalan N
Name & Signature of Candidate

മൊബൈൽ നമ്പർ, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും **അപേക്ഷാ സമർപ്പണത്തിന്റെ അവസാന തീയതി വരെ തിരുത്തലുകൾ വരുത്താവുന്നതുമാണ്.**

അപേക്ഷ സമ്പന്ധിച്ച് വരുന്ന പ്രശ്നങ്ങൾക്ക് ജില്ലാ കോഡിനേറ്റർമാർ മുഖേന പരിഹാരം കാണാവുന്നതാണ്.

ആയതിനാൽ, **ഒരാൾ ഒന്നിലധികം തവണ രജിസ്റ്റർ ചെയ്യേ□ തില്ല.**

## <u>റാങ്ക് ലിസ്റ്റ് മെനു</u>



# Rank List

| Your Index Marks | |
|---|---|
| Martic Index | Non Martic Index |
| 200 | 200 |

| Sl No. | District Name | ITI Name | Matric Rank | Non Matric Rank | Eligibility of Admission |
|---|---|---|---|---|---|
| 1 | Alappuzha | Govt. ITI Chengannur | 28 | 35 | Pay Admission Fees / Request for TC |
| 2 | Ernakulam | Govt. ITI Arakkuzha | | | |
| 3 | Kozhikode | Govt. ITI Kozhikode | | | |
| 4 | Kozhikode | Govt. ITI Narippatta | | | |

- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം, ഓരോ സ്ഥാപനത്തിലെയും റാങ്ക് അറിയുന്നതിനും പ്രവേശനം ലഭിക്കുന്ന പക്ഷം അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുമുള്ള വിൻഡോ ആണിത്.